KCBC COMMISSION FOR FAMILY

Pastoral Orientation Centre(P.O.C.), Palarivattom, Kochi - 682025, Ph:9495812190
Email:secretary@kcbcfamilycommission.org, Webite:www.kcbcfamilycommission.org

All Kerala Press Release

22.9.2016

**മാതൃത്വ നിർണ്ണയം സ്ത്രീയുടെ മാത്രമായ അവകാശം:-**

**കോടതിവിധി ആശങ്കാജനകം**

കൊച്ചി: തടവറയിലെ ഒരു സ്ത്രീയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഗർഭസ്ഥ ശിശുവിനെ സ്വീകരിക്കാനുള്ള മാനസികാവസ്ഥ സ്ത്രീക്കില്ലായെങ്കിൽ ഗർഭധാരണത്തിന്റെ ഏതു ഘട്ടത്തിലും ഗർഭച്ഛിദ്രം നടത്താമെന്ന ബോംബെ ഹൈക്കോടതിവിധി ഏറെ നിർഭാഗ്യകരമെന്ന് കെ.സി. ബി.സി. പ്രോലൈഫ് സമിതി നിരീക്ഷിച്ചു. ഗർഭസ്ഥയായ യുവതിയുടെ നിസ്സഹായാവസ്ഥ നില നിൽക്കുമ്പോഴും ഉദരത്തിലുള്ള കുഞ്ഞിന് ജനിക്കാനുള്ള അവകാശത്തെ നിഷേധിക്കരുത്.

പ്രത്യേക സാഹചര്യം പരിഗണിച്ചാണ് ബോംബെ ഹൈക്കോടതിയുടെ ഈ വിധിയെ ങ്കിലും നിലവിലുള്ള കേന്ദ്ര നിയമങ്ങൾക്കും ധാർമ്മിക നിയമങ്ങൾക്കും ഇതു സമൂഹത്തിൽ ഗുരുതരമായ പ്രത്യാഘാതം സൃഷ്ടിക്കും. ഇതൊരു പൊതു തത്വമായി പരിഗണിച്ചാൽ അത് രാഷ്ട്രത്തിന്റെ അടിസ്ഥാനഘടകമായ കുടുംബത്തിനും സമൂഹജീവിതക്രമത്തിനുതന്നെയും കടുത്ത ഭീഷണിയാകും. കെ.സി.ബി.സി. ഡപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ. വർഗീസ് വള്ളി ക്കാട്ട് അധ്യക്ഷത വഹിച്ചു. സംസ്ഥാന ഡയറക്ടർ ഫാ. പോൾ മാടശ്ശേരി, ജോർജ്ജ് എഫ്. സേവ്യർ, സാബു ജോസ്, അഡ്വ. ജോസി. സേവ്യർ എന്നിവർ പ്രസംഗിച്ചു.

ഫാ. പോൾ മാടശ്ശേരി,
സെക്രട്ടറി,
കെ.സി.ബി.സി. ഫാമിലികമ്മീഷൻ

Mob. No. 94958 12190